**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - സൈനിക സേവനത്തിലിരിക്കെ മരണപ്പെട്ട മിഥുൻ സത്യൻ.ടി.എം -ന്റെ ആശ്രിതർക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.34/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം:05.09.2022**

പരാമർശം:-
1. 29.06.1999 ലെ സ.ഉ(പി)നം.450/1999/പൊ.ഭ.വ നമ്പർ ഉത്തരവ്.
2. 17.01.2012 ലെ സ.ഉ(കൈ)നം.14/2012/പൊ.ഭ.വ നമ്പർ ഉത്തരവ്.
3. സൈനിക ക്ഷേമ ഡയറക്ടറുടെ 04.05.2022 ലെ ബി-6/94126/CMSWF/2022/DSW നമ്പർ കത്ത്.

## ഉത്തരവ്

ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി പഞ്ചാബിലെ ഫിറോസ്പൂരിൽ വച്ച് നടന്ന സൈനിക അഭ്യാസ വേളയിൽ മരിച്ച GNR മിഥുൻ സത്യൻ.ടി.എം -ന്റെ മാതാവ് ശ്രീമതി.വസന്ത.എ.ടി അപേക്ഷ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത അപേക്ഷ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 3 പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു. അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം 05.12.2020 -ന് പഞ്ചാബിലെ ഫിറോസ്പൂരിൽ വച്ച് സൈനിക അഭ്യാസത്തിന് മുന്നോടിയായി നടന്ന ട്രെയിനിംഗ് എക്സർസൈസിനിടെയാണ് സൈനികൻ മരണപ്പെട്ടിട്ടുള്ളത് എന്നും ആയത് ഓപ്പറേഷണൽ ഏര്യായിൽ വച്ചുള്ള അത്യാഹിതമായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും അത്യാഹിതം Battle Casuality ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ബഹു.മുഖ്യമന്ത്രിയുടെ സൈനിക

ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായം മരണപ്പെട്ട സൈനികന്റെ മാതാവ് ശ്രീമതി.വസന്ത.എ.ടി-യ്ക്ക് നൽകുന്നതിന് എതിർപ്പില്ലെന്ന് പിതാവ് സത്യൻ.എൻ.ടി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 05.12.2020 -ന് പഞ്ചാബിലെ ഫിറോസ്പൂരിൽ വച്ച് സൈനിക അഭ്യാസത്തിന്റെ മുന്നോടിയായി നടന്ന ട്രെയിനിംഗ് എക്സർസൈസിനിടെ മരണപ്പെട്ട GNR മിഥുൻ സത്യൻ.ടി.എം-ന്റെ മാതാവ് ശ്രീമതി.വസന്ത.എ.ടി, തലപ്പതിൽ മീത്തൽ വീട്, മാക്കട.പി.ഒ, കക്കോടി വില്ലേജ്, കോഴിക്കോട് ജില്ല-673 611-ന് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും **5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തുക ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ശ്രീമതി.വസന്ത.എ.ടി-യ്ക്ക് **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയറ ശാഖയിലുള്ള അക്കൗണ്ട് നമ്പർ 67174827922 (IFSC Code SBIN0070576)** - ലേയ്ക്ക് ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ശ്രീമതി.വസന്ത.എ.ടി, തലപ്പതിൽ മീത്തൽ വീട്, മാക്കട.പി.ഒ, കക്കോടി, കോഴിക്കോട് -673 611.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ